**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4005** | **06-08-2021 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡ് നടത്തുന്ന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പി. എസ്. സി. യുടെ സിവിൽ സർവീസ് പരീക്ഷയ്ക്ക് യുവാക്കളെ പ്രാപ്തരാക്കുന്നതിനായി എന്തൊക്കെ കോഴ്സുകളാണ് യുവജനക്ഷേമ ബോർഡ് നടത്തുന്നതെന്ന് കോഴ്സിന്റെ വിവരങ്ങൾ, കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യത, കോഴ്സിന്റെ കാലയളവ്, ഫീസ്, കോഴ്സ് നടത്തുന്ന സ്ഥലം എന്നീ വിവരങ്ങൾ സഹിതം അറിയിക്കാമോ? | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പരീക്ഷാ പരിശീലന പദ്ധതികൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടപ്പിലാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്റൂമും യുവജനക്ഷേമ ബോർഡിന്റെ കുടപ്പനക്കുന്നിലുള്ള ആസ്ഥാനമന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഓൺലൈൻ മുഖാന്തിരം ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജ് വഴിയും പരിശീലന ക്ലാസ്സുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. പി.എസ്.സി, യു.പി.എസ്.സി, റെയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷൾക്കും കരിയർ ഡവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഓൺലൈൻ മുഖാന്തിരം പരിശീലനം നൽകുന്നു. 2020-21 സാമ്പത്തിക വർഷം പി.എസ്.സി 10th level പരീക്ഷാ പരിശീലനം, കെ.എ.എസ് പരീക്ഷാ പരിശീലനം എന്നിവ തൽപ്പരരായ യുവജനങ്ങൾക്ക് ടി പരിശീലന ക്ലാസ്സുകൾ കാണാവുന്ന രീതിയിൽ ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജ് വഴിയും നൽകുകയുണ്ടായി. ബോർഡ് നടത്തുന്ന ക്ലാസ്സുകൾ തികച്ചും സൗജന്യമായാണ് സംഘടിപ്പിച്ചത്. വെർച്വൽ റൂം വഴി നടത്തുന്ന ക്ലാസ്സുകളിൽ തദ്ദേശിയരായ താൽപ്പര്യമുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. പി.എസ്.സി, യു.പി.എസ്.സി നോട്ടിഫിക്കേഷൻ വരുന്ന മുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ